# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4060 | 03.02.2014-ൽ മറുപടിക്ക്

## എയ്ഡ്സ് കൺട്രോൾ സൊസൈറ്റി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ : | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി സ്ഥാപിതമായതെന്നാണ് ; | (എ) | 1998 നവംബർ 27 -ാം തീയതി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു. |
| (ബി) | പ്രസ്തുത സൊസൈറ്റി ഇതിനോടകം ഏറ്റെടുത്തു നടത്തിയ പ്രധാന പ്രവർത്തനങ്ങളും രോഗീപുനരധിവാസ പരിപാടികളും എന്തെല്ലാമാണ് ; വ്യക്തമാക്കാമോ ; | (ബി) | പ്രവർത്തനം അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു. എച്ച്.ഐ.വി. അണുബാധിതർക്ക് 5 മെഡിക്കൽ കോളേജുകളിലും, 2 ജനറൽ ആശുപത്രികളിലും, 1 ജില്ലാ ആശുപത്രിയിലും സൗജന്യ ചികിത്സ നൽകി വരുന്നു. ഇവരുടെ പുനരധിവാസ പരിപാടികൾ നിലവിൽ ഇല്ല. |
| (സി) | കേരളത്തിൽ ഇപ്പോൾ എത്ര എയ്ഡ്സ് രോഗികളാണുള്ളത് ; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ; | (സി) | കേരളത്തിൽ ആകമാനം എച്ച്.ഐ.വി. പരിശോധന നടത്തി ചികിത്സാ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ 17593. എച്ച്.ഐ.വി. അവസ്ഥയിൽ നിന്നും എയ്ഡ്സ് രോഗാവസ്ഥയിലെത്തി ചികിത്സ എടുക്കുന്നവരുടെ ജില്ല തിരിച്ചുള്ള കണക്ക് : |

| ജില്ല | എയ്ഡ്സ് രോഗികളുടെ എണ്ണം |
|---|---|
| ആലപ്പുഴ | 582 |
| എറണാകുളം | 558 |
| ഇടുക്കി | 222 |
| കണ്ണൂർ | 624 |
| കാസർകോട് | 459 |
| കൊല്ലം | 723 |

(....2)

| | |
|---|---|
| കോട്ടയം | 294 |
| കോഴിക്കോട് | 505 |
| മലപ്പുറം | 587 |
| പാലക്കാട് | 1381 |
| പത്തനംതിട്ട | 414 |
| തിരുവനന്തപുരം | 898 |
| തൃശ്ശൂർ | 1026 |
| വയനാട് | 124 |
| കേരളത്തിനു പുറത്ത് | 128 |
| **ആകെ** | **8525** |

(ഡി) കേരളത്തിലെ എയ്ഡ്സ് രോഗികളുടെ കഴിഞ്ഞ പത്തു വർഷത്തെ കണക്കുകൾ ലഭ്യമാക്കുമോ ; ഏറ്റവുമധികം വർദ്ധനവ് രേഖപ്പെടുത്തിയ വർഷമേതാണ് ; രോഗികളുടെ എണ്ണം വർദ്ധിക്കുന്നത് സംബന്ധിച്ച് പഠനങ്ങൾ നടത്തുകയുണ്ടായിട്ടുണ്ടോ ; അതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) കേരളത്തിൽ ചികിത്സ എടുക്കുന്ന എയ്ഡ്സ് രോഗികളുടെ കഴിഞ്ഞ പത്തു വർഷത്തെ കണക്ക്.

| **വർഷം** | **എയ്ഡ്സ് രോഗികളുടെ എണ്ണം** |
|---|---|
| 2004-05 | 440 |
| 2005-06 | 1208 |
| 2006-07 | 993 |
| 2007-08 | 1099 |
| 2008-09 | 1177 |
| 2009-10 | 1709 |
| 2010-11 | 1448 |
| 2011-12 | 1680 |
| 2012-13 | 1766 |
| ഏപ്രിൽ 2013 - ഡിസംബർ 2013 | 1135 |
| **Total** | **12655** |

2012-13-ാം വർഷമാണ് ഏറ്റവുമധികം വർദ്ധനവ് രേഖപ്പെടുത്തിയത്. രോഗികളുടെ എണ്ണം വർദ്ധിക്കുന്നത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടില്ല.

(ഇ) കഴിഞ്ഞ പത്തു വർഷത്തിനിടയിൽ കേരളത്തിൽ എയ്ഡ്സ് രോഗനിയന്ത്രണ-പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും എന്തു തുക വീതം കേന്ദ്ര ഫണ്ട് ലഭിക്കുകയുണ്ടായി ;

(ഇ) അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.

(....3)

| | |
|---|---|
| (എഫ്) കേരളത്തിൽ ഇപ്പോൾ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി യുടെ പ്രവർത്തനങ്ങൾ മരവിപ്പിക്കു വാനോ നിർത്തലാക്കുവാനോ ആവശ്യപ്പെട്ട് കേന്ദ്രഗവൺമെന്റ് കത്ത് നൽകിയിട്ടുണ്ടോ ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എഫ്) ഇല്ല. |
| (ജി) എയ്ഡ്സ് രോഗനിയന്ത്രണ പ്രവർ ത്തനങ്ങൾക്കുള്ള ധനസഹായം കുറയ്ക്കു മെന്നോ നിർത്തലാക്കുമെന്നോ കേന്ദ്ര ആരോഗ്യ മന്ത്രാലയം കത്തു നൽകി യിട്ടുണ്ടോ ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | (ജി) ഇല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്